# ശബരിമല വാർത്താക്കുറിപ്പ്
# 11.11.2024

## ശബരിമലയിൽ ഒരേ സമയം പതിനാറായിരത്തോളം വാഹനങ്ങൾക്ക് പാർക്കിംഗ് സൗകര്യം

ശബരിമലയിൽ ഒരേ സമയം പതിനാറായിരത്തോളം വാഹനങ്ങൾക്ക് പാർക്കിംഗ് സൗകര്യം ഒരുക്കിയതായി ദേവസ്വം ബോർഡ് അറിയിച്ചു. നിലയ്ക്കലിൽ എണ്ണായിരത്തോളം വാഹനങ്ങൾക്ക് പാർക്ക് ചെയ്യാൻ കഴിയുന്നിടത്ത് അധികമായി 2500 വാഹനങ്ങൾ കൂടി പാർക്ക് ചെയ്യാനുള്ള സംവിധാനം ഒരുക്കിയിട്ടുണ്ട്. നിലയ്ക്കലിലെ പാർക്കിംഗ് പൂർണ്ണമായും ഫാസ്റ്റ് ടാഗ് സംവിധാനം ഉപയോഗിച്ചുള്ളതായിരിക്കും. വാഹനങ്ങളുടെ സുഗമവും വേഗത്തിലുമുള്ള സഞ്ചാരത്തിന് ഫാസ്റ്റ് ടാഗ് സൗകര്യം ഉപകരിക്കുമെന്നും ഭക്തജനങ്ങൾ പരമാവധി ഈ സൗകര്യം ഉപയോഗിക്കണമെന്നും ദേവസ്വം ബോർഡ് അറിയിച്ചു.

പമ്പ ഹിൽടോപ്പ് ,ചക്കുപാലം എന്നിവിടങ്ങളിൽ മാസപൂജ സമയത്ത് പാർക്കിങ്ങിനുള്ള അനുമതി കോടതി നൽകിയിരുന്നു. ഇവിടങ്ങളിലായി 2000 വാഹനങ്ങൾക്ക് പാർക്ക് ചെയ്യാം. മണ്ഡല മകരവിളക്ക് മഹോത്സവകാലത്തും ഇവിടങ്ങളിൽ പാർക്കിംഗ് കോടതിയുടെ അനുവാദത്തോടെ ഏർപ്പെടുത്താൻ ശ്രമിക്കും. എരുമേലിയിൽ ഹൗസിംഗ് ബോർഡിന്റെ കൈവശമുള്ള ആറര ഏക്കർ സ്ഥലം പാർക്കിങ്ങിനായി വിനിയോഗിക്കും. നിലയ്ക്കലിൽ 17 പാർക്കിങ്ങ് ഗ്രൗണ്ടുകളിലായി ഒരു ഗ്രൗണ്ടിൽ മൂന്ന് വിമുക്ത ഭടൻമാർ വീതം 100 ലേറെ പേരെ ട്രാഫിക് ക്രമീകരണങ്ങൾക്കായി ഉറപ്പാക്കിയിട്ടുണ്ടെന്നും ദേവസ്വം ബോർഡ് അറിയിച്ചു.

## ശബരിമലയിൽതാമസത്തിനും അന്നദാനത്തിനും ആരോഗ്യ സേവനങ്ങൾക്കും വിപുലമായ സൗകര്യങ്ങൾ

ശബരിമലയിൽ താമസത്തിനും അന്നദാനത്തിനും ആരോഗ്യ സേവനങ്ങൾക്കും വിപുലമായ സൗകര്യങ്ങൾ ഒരുക്കിയതായി ദേവസ്വം ബോർഡ് അറിയിച്ചു.1994 ൽ പണിത സന്നിധാനത്തെ ശബരി ഗസ്റ്റ്ഹൗസ് പൂർണമായും പുനർ നവീകരിക്കുകയാണ്. 54 മുറികളാണ് ശബരി ഗസ്റ്റ് ഹൗസിൽ നിലവിലുള്ളത്. സന്നിധാനത്തെ ദേവസ്വം ജീവനക്കാർക്ക് താമസിക്കുവാനുള്ള സ്റ്റാഫ് ക്വാർട്ടേഴ്സ് പൂർണ്ണമായും നവീകരിച്ചു. പമ്പയിലെ ഗസ്റ്റ് ഹൗസിലും നവീകരണ പ്രവർത്തനങ്ങൾ നടന്നുവരുന്നു.

പമ്പയിലും അപ്പാച്ചിമേട്ടിലും സന്നിധാനത്തും ആരോഗ്യവകുപ്പ് മികച്ച സേവനങ്ങൾ ഭക്തർക്കായി നൽകുന്നുണ്ട്.ഇവയ്ക്ക് പുറമേ ലോകപ്രശസ്തനായ ന്യൂറോസർജൻ രാംനാരായണന്റെ നേതൃത്വത്തിൽ വിദഗ്ധരായ നൂറിലേറെ ഡോക്ടർമാർ ഡിവോട്ടീസ് ഓഫ് ഡോക്ടേഴ്സ് എന്ന പേരിൽ സേവന സന്നദ്ധത അറിയിച്ചു. മണ്ഡല മകരവിളക്ക് കാലം മുഴുവൻ എക്കോ കാർഡിയോഗ്രാം ഉൾപ്പെടെയുള്ള അത്യാധുനിക

ഉപകരണങ്ങൾ ഉൾപ്പെടെ ലഭ്യമാക്കി പമ്പയിലും സന്നിധാനത്തും ഡോക്ടർമാരുടെ സേവനം ലഭ്യമാക്കും. കഴിഞ്ഞവർഷം 15 ലക്ഷത്തിലേറെ പേർക്കാണ് അന്നദാനം നൽകിയത്. ഇത്തവണ 20 ലക്ഷത്തിലേറെ അയ്യപ്പഭക്തർക്ക് സന്നിധാനത്ത് അന്നദാനം നൽകുവാനുള്ള ക്രമീകരണങ്ങൾ ഏർപ്പെടുത്തുന്നതായും ദേവസ്വം ബോർഡ് അറിയിച്ചു.

## ശബരിമല തീർഥാടനം : മെഷീൻ ചായ/കോഫി വില നിശ്ചയിച്ചു

ശബരിമല തീർഥാടനത്തോടനുബന്ധിച്ച് മെഷീൻ ചായ/കോഫിയുടെ വില ഏകീകരിച്ച് നിശ്ചയിച്ചു. ജില്ലാ കലക്ടർ വില നിശ്ചയിച്ച മെഷീൻ ചായ/

**കോഫിയുടെ ഇനം, അളവ് , സന്നിധാനം, പമ്പ, ഔട്ടർ പമ്പ എന്ന ക്രമത്തിൽ ചുവടെ.**

ചായ (മെഷീൻ ) 90 മി.ലി – 10 രൂപ, 8 രൂപ, 8 രൂപ.

കോഫി(മെഷീൻ ) 90 മി.ലി –12 11, 10.

മസാല ടീ (മെഷീൻ) 90 മി.ലി – 18,17,16.

ലെമൺ ടീ (മെഷീൻ) 90 മി.ലി –18,17,16.

ഫ്ളേവേഡ് ഐസ് ടീ (മെഷീൻ) 200 മി.ലി – 24,21,20.

ബ്ലാക്ക് ടീ (ടീ ബാഗ്) 90 മി.ലി– 11,10,8.

ഗ്രീൻ ടീ (ടീ ബാഗ്)90 മി.ലി –12,11,9.

കാർഡമം ടീ (മെഷീൻ) 90 മി.ലി.– 17,16,15.

ജിഞ്ചർ ടീ (മെഷീൻ ) 90 മി.ലി. – 17,16,15.

## ശബരിമല തീർഥാടനം : ബേക്കറി സാധനങ്ങളുടെ വില നിശ്ചയിച്ചു

ശബരിമല തീർഥാടനത്തോടനുബന്ധിച്ച് ബേക്കറി സാധനങ്ങളുടെ വില ഏകീകരിച്ച് നിശ്ചയിച്ചു.ജില്ലാ കലക്ടർ വില നിശ്ചയിച്ച ബേക്കറി

**സാധനങ്ങളുടെ ഇനം, അളവ് , സന്നിധാനം, നിലയ്ക്കൽ/പമ്പ എന്ന ക്രമത്തിൽ ചുവടെ.**

വെജിറ്റബിൾ പഫ്സ് 80 ഗ്രാം, 21 രൂപ, 20 രൂപ.

വെജിറ്റബിൾ സാൻവിച്ച് 100 ഗ്രാം, 25,23.

വെജിറ്റബിൾ ബർഗർ 125 ഗ്രാം, 32,30.

പനീർ റോൾ 125 ഗ്രാം, 34,33.

മഷ്റൂം റോൾ 125 ഗ്രാം, 36,35.

വെജിറ്റബിൾ മസാല റോസ്റ്റ് വിത്ത് കുബ്ബൂസ്/ചപ്പാത്തി (ഒരെണ്ണം) 150 ഗ്രാം, 34,32.

വെജിറ്റബിൾ ഡാനിഷ് 75 ഗ്രാം, 21,20.

ദിൽഖുഷ് 60 ഗ്രാം, 22,20.

സോയാബീൻ പിസ 150 ഗ്രാം, 52,50.

ബ്രഡ് മസാല 180 ഗ്രാം, 52,50.

സ്വീറ്റ്ന 80 ഗ്രാം, 22,19.

ജാം ബൺ (ഒരു പീസ്) 60 ഗ്രാം, 25,22.

മസാല റോൾ കുബ്ബൂസ്/ചപ്പാത്തി (ഒരെണ്ണം) 150 ഗ്രാം, 48,46.

ചോക്ലേറ്റ് കേക്ക് പീസ് 50 ഗ്രാം, 25,22.

സ്വീറ്റ് പഫ്സ് 60 ഗ്രാം, 23,20.

വാനില കേക്ക് പീസ് 50 ഗ്രാം, 20,18.

ജാം ബ്രഡ് 50 ഗ്രാം, 25,22.

ദിൽ പസന്ത് പീസ് 40 ഗ്രാം, 20,18.

ബനാന പഫ്സ് 90 ഗ്രാം, 22,21.

വെജിറ്റബിൾ കട്‌ലറ്റ് 50 ഗ്രാം, 19,17.

ബ്രെഡ് 350 ഗ്രാം, 37,35.

ബൺ 50 ഗ്രാം, 11,10.

ക്രീം ബൺ 80 ഗ്രാം, 23, 21.

വെജിറ്റബിൾ കുബ്ബൂസ് റോൾ 150 ഗ്രാം, 47,45.

ബനാന റോസ്റ്റ് (ഹാഫ് ബനാന) 50 ഗ്രാം, 15,13.

വെജിറ്റബിൾ ഷവർമ (കുബ്ബൂസ്/ചപ്പാത്തി (ഒരെണ്ണം) 150 ഗ്രാം, 62,60.

വെജിറ്റബിൾ സമോസ 60 ഗ്രാം, 14,12.

ബ്രഡ് സാൻവിച്ച് (രണ്ട് പീസ്) 60 ഗ്രാം, 23,21.

ആലു പൊറോട്ട (രണ്ട് പീസ്) 50,46.

പുലാവ് 70,68.

## ശബരിമല തീർഥാടനം : ജ്യൂസുകളുടെ വില നിശ്ചയിച്ചു

ശബരിമല തീർഥാടനത്തോടനുബന്ധിച്ച് വിവിധതരം ജ്യൂസുകളുടെ വില ഏകീകരിച്ച് നിശ്ചയിച്ചു.

**ജ്യൂസുകളുടെ ഇനം, അളവ് , സന്നിധാനം, പമ്പ , ഔട്ടർ പമ്പ എന്ന ക്രമത്തിൽ ചുവടെ.**

ലെമൺ ജ്യൂസ് 210 മി.ലി, 21 രൂപ, 21 രൂപ, 20 രൂപ.

ആപ്പിൾ ജ്യൂസ് 210 മി.ലി, 55,54,52.

ഓറഞ്ച് ജ്യൂസ് 210 മി.ലി, 60,50,48.

പൈനാപ്പിൾ ജ്യൂസ് 210 മി.ലി, 50,48,41.

ഗ്രേപ്സ് ജ്യൂസ് 210 മി.ലി, 55,48,41.

തണ്ണിമത്തൻ ജ്യൂസ് 210 മി.ലി, 48,36,34.

ലെമൺ സോഡ 210 മി.ലി, 28,25,24.

കരിക്ക് 45,40,40.

## ശബരിമല തീർഥാടനം : വെജിറ്റേറിയൻ ആഹാരസാധനങ്ങളുടെ വില നിശ്ചയിച്ചു

ശബരിമല തീർഥാടനത്തോടനുബന്ധിച്ച് ജില്ലയിലെ ഹോട്ടലുകളിലെ വെജിറ്റേറിയൻ ആഹാരസാധനങ്ങളുടെ വില ഏകീകരിച്ച് നിശ്ചയിച്ചു. ജില്ലാ കലക്ടർ വില നിശ്ചയിച്ച ഭക്ഷണ സാധനങ്ങളുടെ ഇനം, അളവ് , സന്നിധാനം, പമ്പ /നിലയ്ക്കൽ, ജില്ലയിലെ ശേഷിക്കുന്ന സ്ഥലങ്ങളിലെ വില എന്ന ക്രമത്തിൽ ചുവടെ.

**ഇനം, അളവ്, സന്നിധാനം, പമ്പ /നിലയ്ക്കൽ**

ചായ, 150 മി.ലി, 14 രൂപ, 12 രൂപ, 11 രൂപ.

കാപ്പി 150 മി.ലി, 13 , 12 , 11.

കടുംകാപ്പി /കടുംചായ 150 മി.ലി, 11,10,9.

ചായ /കാപ്പി (മധുരം ഇല്ലാത്തത്) 150 മി.ലി, 12,11,10.

ഇൻസ്റ്റന്റ് കാപ്പി (മെഷീൻ കോഫി)/ബ്രൂ/നെസ്കഫേ/ബ്രാൻഡഡ്)150 മി.ലി, 21,18,18.

ഇൻസ്റ്റന്റ്

കാപ്പി (മെഷീൻ കോഫി)/ബ്രൂ/നെസ്കഫേ/കാഫിഡെ/ബ്രാൻഡഡ്)

200 മി.ലി, 24,22,22.

ബോൺവിറ്റ/ ഹോർലിക്സ് 150 മി.ലി, 27,25,26.

പരിപ്പുവട 40 ഗ്രാം, 16,14,11.

ഉഴുന്നുവട 40 ഗ്രാം, 16,14,11.

ബോണ്ട 75 ഗ്രാം, 15,13,10.

ഏത്തയ്ക്ക അപ്പം (പകുതി ഏത്തയ്ക്ക) 50 ഗ്രാം, 15,13,10.

ബജി 30 ഗ്രാം, 13,12,10.

ദോശ (ഒരെണ്ണം) ചട്നി, സാമ്പാർ ഉൾപ്പെടെ, 50 ഗ്രാം, 14,13,11.

ഇഢലി (ഒരെണ്ണം)ചട്നി, സാമ്പാർ ഉൾപ്പെടെ, 50 ഗ്രാം, 15,14,12.

ചപ്പാത്തി (ഒരെണ്ണം) 40 ഗ്രാം, 15,14,11.

പൂരി (ഒരെണ്ണം) മസാല ഉൾപ്പെടെ 40 ഗ്രാം , 16,14,12.

പൊറോട്ട (ഒരെണ്ണം) 50 ഗ്രാം, 16,14,11.

പാലപ്പം 50 ഗ്രാം, 14,13,10.

ഇടിയപ്പം 50 ഗ്രാം, 14,13,10.

നെയ് റോസ്റ്റ് 150 ഗ്രാം, 49,45,42.

മസാല ദോശ 200 ഗ്രാം, 59,51,50.

പീസ് കറി 100 ഗ്രാം, 35, 34, 33.

കടലകറി 100 ഗ്രാം, 35, 33,31.

കിഴങ്ങുകറി 100 ഗ്രാം, 33,31,30.

ഉപ്പുമാവ് 200 ഗ്രാം, 29,25,24.

ഊണ് പച്ചരി (സാമ്പാർ, മോര്, രസം, പുളിശ്ശേരി, തോരൻ, അവിയൽ, അച്ചാർ) 78,75,71.

ഊണ് പുഴുക്കലരി (സാമ്പാർ, മോര്, രസം, പുളിശ്ശേരി, തോരൻ, അവിയൽ, അച്ചാർ) 78,75,71.

ആന്ധ്ര ഊണ്, 80,76,72.

വെജിറ്റബിൾ ബിരിയാണി 350 ഗ്രാം, 78,75,71.

കഞ്ഞി (പയർ, അച്ചാർ ഉൾപ്പെടെ) 750 മി.ലി, 42,37,35.

കപ്പ 250 ഗ്രാം, 37,34,32.

തൈര് സാദം 55,50,48.

നാരങ്ങ സാദം, 52,48,47.

ൈൈതര് ഒരു കപ്പ്, 15,13,10.

വെജിറ്റബിൾ കറി 100 ഗ്രാം, 27,24,24.

ദാൽ കറി, 100 ഗ്രാം. 27,24,24.

ടൊമാറ്റോ ഫ്രൈ 125 ഗ്രാം, 40,39,35.

പായസം 75 മി.ലി, 17,15,13.

ഒനിയൻ ഊത്തപ്പം 125 ഗ്രാം, 67,60,56.

ടൊമാറ്റോ ഊത്തപ്പം 125ഗ്രാം, 65,59,56.